**Weekly Devotion - March 2019**

# Pretention of an athiest (മൂഢന്റെ ഭാവം)

## An athiest is a person who doesn’t belive in the existance of God.




മൂഢനായ മനുഷ്യൻ ആരെന്ന് സങ്കീ:(14:1) ദാവീദ് വ്യക്തമാക്കിയിരിക്കുന്നു. ഹൃദയത്തിൽ ദൈവം ഇല്ല എന്ന് പറയുന്നവനാണ് മൂഢൻ. ദൈവമക്കൾ യേശുക്രിസ്തുവിലും അവന്റെ കരുതലിലും വിശ്വസിക്കുമ്പോൾ മൂഢനായ മനുഷ്യൻ വ്യത്യസ്തനായി പ്രവൃത്തിക്കുന്നു. ദൈവം ഇല്ല എന്ന് ഹൃദയത്തിൽ പറയുന്നവന്റെ മറ്റു ചില സ്വഭാവങ്ങൾ സങ്കീ:(14:1) ലും സങ്കീ(53:1) ലും കാണുന്നു.

(1) അവർ വഷളന്മാരാണ്

(2) അവർ നീതികേട് പ്രവർത്തിക്കുകയും ചെയ്യുന്നു.

3) ആർക്കും നന്മ ചെയ്യാത്തവരാണിവർ

മൂഢൻ എന്ന വാക്കിന്റെ ഏബ്രായപദം ഒരു വ്യക്തിയുടെ പേരായി വചനത്തിൽ കാണുന്നു. (1ശമു:(25:25) പാരാൻ മരുഭൂമിയിൽ പാർക്കുന്ന ധനാഢ്യനായ നാബാൽ എന്ന വ്യവസായിയാണിത്. അയാളുടെ ഭാര്യതന്നെ അയാളുടെ സ്വഭാവം വ്യക്തമാക്കുന്നു. അയാൾ ദുസ്വഭാവിയും നിഷ്ഠൂരനുമാണ് കൂടാതെ അവന്റെ പക്കലുള്ളത് ഭോഷത്തം മാത്രമാണ്. കാരണം അയാളുടെ പേർ നാബാൽ എന്നാണ്.

ഭോഷനായ, മൂഢനായ തങ്ങളുടെ യജമാനനെപ്പറ്റി വേലക്കാർക്കുപോലും നല്ല അഭിപ്രായമില്ലായിരുന്നു എന്ന് അവരുടെ വാക്കുകളിൽ നിന്നും മനസ്സിലാക്കാം.(1 ശമു(25: 17) സ്വന്തം കുടുംബത്തിനും അവനും, ദോഷം ചെയ്യുന്നവനെന്ന് നാബാലിനെപ്പറ്റി വേലക്കാർ പറയുവാനും കാരണമുണ്ട്. പാരാൻ മരുഭൂമിയിൽ അവരെ സംരക്ഷിച്ചവരാണ് ദാവീദും കൂട്ടരും, രാവും പകലും തങ്ങൾക്ക് മതിലായിരുന്നവരോട് ഭോഷത്തം കാട്ടിയ യജമാനനെപ്പറ്റിയാണ് അവർ പരാതിപ്പെട്ടത്. സഹായം ചെയ്യുന്നവരോട് നന്ദികാട്ടാത്തവനാണ് മൂഢൻ എന്ന് ഇതിൽ നിന്നും നാം മനസ്സിലാക്കുന്നു.

മൂഢൻ തന്റെ ധനത്തിൽ പ്രശംസിക്കുന്നു. നാബാലിന്റെ ധനമാണ് മറ്റുള്ളവരോട് അവജ്ഞ കാട്ടുവാൻ അയാളെ പ്രേരിപ്പിച്ചത്. തന്റെ സാന്നിദ്ധ്യം ആഗ്രഹിച്ച് അതിൽ സന്തോഷിക്കുന്നവനാണ് യഥാർത്ഥ ധനികൻ. ഒരിക്കൽ തോട്ടം തൊഴിലാളിയായ ഒരു വൃദ്ധനായ മനുഷ്യൻ തന്റെ ഭക്ഷണപ്പൊതി തുറന്നു വച്ച് സന്തോഷത്തോടെ പ്രാർത്ഥിക്കുകയായിരുന്നു. അതുകണ്ട മുതലാളി തൊഴിലാളിയെ പരിഹസിച്ച് ചോദിച്ചു ഈ ചപ്പാത്തിയും ഉരളക്കിഴങ്ങും കണ്ടിട്ട് താൻ എന്തിനാടോ ഇത്ര സന്തോഷിക്കുന്നത്. ഇത് എനിക്ക് തരിക മാത്രമല്ല അദൃശ്യ അതിഥിയായി ദൈവം എന്റെ കൂടെയുണ്ട്. കഴിഞ്ഞ രാത്രിയിൽ കണ്ട സ്വപ്നത്തിലും അദ്ദേഹം എന്നോട്

പറഞ്ഞത് ഈ താഴ്വരയിൽ ധനികനായ ഒരു മനുഷ്യൻ മരിക്കുമെന്ന്. മുതലാളി ഭയന്ന് മുൻ കരുതൽ എടുത്തെങ്കിലും ആ രാത്രിയിൽ മരിച്ച ധനികൻ ആ സാധു വൃദ്ധനായിരുന്നു. ഇതിൽ നിന്നും യഥാർത്ഥ ധനികൻ ദൈവസാന്നിദ്ധ്യത്തിൽ സന്തോഷിക്കുന്നവനാണെന്ന് മൂഢൻ ഗ്രഹിച്ചാൽ നല്ലതായിരുന്നു എന്ന് പ്രാർത്ഥിയ്ക്കാം.

മൂഢൻ സത്യവചനത്തിലെ സത്യപ്രസ്താവനകൾ, കല്പനകൾ എല്ലാം സ്വാർത്ഥതാല്പര്യത്തിന് വളച്ചൊടിക്കുന്നു. ഇതിനുദാഹരണം ദിവസവും വാർത്താ മാധ്യമങ്ങൾ തന്നെ നമ്മുടെ മുൻപിലെത്തിക്കുന്നു.

സങ്കീ:(14:2) ൽ സങ്കീർത്തനക്കാരൻ ബുദ്ധിമാൻ ആരെന്ന് വ്യക്തമാക്കുന്നു. മൂഢൻ അവന്റെ ബുദ്ധിയിൽ ദൈവം ഇല്ല എന്ന് വാദിച്ച് ജയിക്കുവാനാഗ്രഹിക്കുമ്പോൾ അവൻ ബുദ്ധിമാനല്ല എന്നും ദൈവത്തെ അന്വേഷിക്കുന്നവനാണ് യഥാർത്ഥ ബുദ്ധിമാൻ എന്നും സങ്കീർത്തനക്കാരൻ വ്യക്തമാക്കുന്നു.

ആത്മീയ, ഭൗതീക ലോകത്തിൽ പലരേയും പണവും പദവിയും കാട്ടി പിശാച് മൂഢരാക്കുന്നു. അതിനുദാഹരണമാണ് സംഖ്യ:22 മുതൽ 24 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന ബിലെയാം. പ്രശ്ന ദക്ഷിണയുമായി വന്നവരെ കണ്ടപ്പോൾ അയാളിൽ മോഹം തലപൊക്കി. വീഴ്ച സംഭവിക്കാതിരിപ്പാൻ പോകരുത് എന്ന് യഹോവ പറഞ്ഞത് അയാൾ കേട്ടില്ല. ഇതല്ലേ ഇന്ന് പണത്തിനും സ്ഥാനമാനത്തിനും വേണ്ടി പോകുന്ന പലരുടേയും അവസ്ഥ. ഇതത്രേ കർത്താവ് വിലപിക്കുന്നത് നന്മ ചെയ്യുന്നവരില്ല ഒരുത്തൻ പോലുമില്ല എന്ന്.

മൂഢന്റെ ഹൃദയത്തിൽ കുടിയേറിയ ദുഷ്ടതകൾ ഏതെല്ലാമെന്ന് മർക്കോ: 7:21-23 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ഈ ഹൃദയം മാറ്റി പുതിയതു തരുന്ന കർത്താവിനെ യെഹ: (36: 25-27) വരെയുള്ള വാക്യങ്ങളിൽ കാണാം. പുതിയ ഹൃദയം ലഭിച്ചു കഴിയുമ്പോൾ ദൈവം ഇല്ല എന്ന് പറഞ്ഞ മൂഢന്റെ ചിന്തകൾ, നടപ്പ്, പ്രവർത്തി ഇവയ്ക്ക് മാറ്റം സംഭവിക്കുന്നു. സ്തോത്രവും, സ്തുതിയും വായിൽ നിന്ന് പുറപ്പെടുന്ന ബുദ്ധിമാനായി മാറുന്നു. ഇപ്രകാരം ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാന്മാരായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Faceboo**k**: https://www.facebook.com/biblestudyind